# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 224    06.01.2014-ൽ മറുപടിയ്ക്ക്

### കരിപ്പൂർ സ്വർണ്ണക്കടത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |

എ) കരിപ്പൂർ സ്വർണ്ണക്കടത്ത് കേസിൽ ഡി.ആർ. ഐ. പിടികൂടിയ ശ്രീമതി. റാഹില നടത്തിയ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്റ്റേഷനുകളിൽ എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; തട്ടിപ്പിനിരയായവരിൽ നിന്നെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ടോ ;

ബി) സ്വർണ്ണക്കടത്ത് സംഘത്തിലെ മറ്റാരെല്ലാമായി ശ്രീമതി. റാഹിലയ്ക്ക് ബന്ധമുള്ളതായി തെളിഞ്ഞിട്ടുണ്ട് ; നെടുമ്പാശ്ശേരി സ്വർണ്ണക്കടത്ത് കേസിലെ മുഖ്യ പ്രതി ശ്രീ. ഫയസുമായി ശ്രീമതി. റാഹിലയ്ക്ക് ബന്ധമുള്ളതായി അന്വേഷിക്കുകയുണ്ടായോ ;

സി) സ്വർണ്ണക്കടത്തിന് പിന്നിലെ റാക്കറ്റുകളിൽപ്പെട്ട ആരെയെല്ലാം ഇതിനകം അറസ്റ്റ് ചെയ്യുകയുണ്ടായി ; ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എത്ര?

(എ), (ബി) & (സി)

കരിപ്പൂർ സ്വർണ്ണക്കടത്ത് കേസിൽ ഡി.ആർ. ഐ. പിടികൂടിയ ശ്രീമതി. റാഹില നടത്തിയ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പിൽ കേസുകൾ രജിസ്റ്റർ ചെയ്യുകയോ തട്ടിപ്പിനിരയായവരിൽ നിന്നും പരാതികൾ ലഭിക്കുകയോ ചെയ്തിട്ടില്ല.

കസ്റ്റംസും, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസുമാണ് സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ